(സി) തിരുവനന്തപുരം സെൻട്രൽ ജയിലിന്റെ 100-ാം വാർഷികം 1973-ാം വർഷത്തിൽ കഴിഞ്ഞു എന്നും ആയതിനാൽ 1986-ൽ വീണ്ടും വാർഷികം ആഘോഷിക്കാനോ അതിന്റെ പേരിൽ ശിക്ഷ ഇളവു നൽകാനോ സാധിക്കുകയില്ലായെന്ന വിവരം ജയിൽ ഐ. ജി. തടവുകരെ അറിയിച്ചിട്ടുണ്ട്.

സുകുമാരക്കുറുപ്പിനെ പിടികൂടുന്നതിന് ചെലവായ തുക

406. [516] ശ്രീ. കെ. മൂസ്സക്കുട്ടി :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ചാക്കോ വധക്കേസിലെ പ്രധാന പ്രതിയായ സുകുമാരക്കുറുപ്പിനെ പിടികൂടുന്നതിന് ഇതിനകം സർക്കാർ എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

28,521 രൂപ 40 പൈസ. (ഇരുപത്തി എട്ടായിരത്തി അഞ്ഞൂറ്റി ഇരുപത്തി ഒന്നു രൂപാ നാൽപതു പൈസ.)

അന്വേഷണ കമ്മീഷനുകൾ

407. [517] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസ് വെടിവയ്പ്പിനെക്കുറിച്ചും ലാത്തിച്ചാർജ്ജിനെക്കുറിച്ചും അന്വേഷണം നടത്താൻ എത്ര കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട് ;

(ബി) എത്ര അന്വേഷണക്കമ്മീഷൻ റിപ്പോർട്ടുകൾ ഗവൺമെന്റിന് ലഭിച്ചു ;

(സി) അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ?

ഉത്തരം

(എ) എട്ട്.
(ബി) നാല്.

(സി) ഗവൺമെന്റിന് ലഭിച്ച നാല് റിപ്പോർട്ടുകളും അംഗീകരിച്ചു കമ്മീഷനുകളുടെ പ്രസക്തമായ ശുപാർശകൾ നടപ്പാക്കാൻ പോലീസ് ഡയറക്ടർ ജനറലിന് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

നാലാം ശമ്പളക്കമ്മീഷൻ റിപ്പോർട്ട്

408. [518] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലാം ശമ്പളക്കമ്മീഷൻ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം സംഘടനകളിൽ നിന്നും ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം വിഭാഗങ്ങളുടെ പ്രശ്നങ്ങളാണ് പരിഹരിച്ചത്.

ഉത്തരം

(എ) നിവേദനം സമർപ്പിച്ചിട്ടുള്ള സംഘടനകളുടെ ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു. †

† അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly